Malayala Manorama
5th June 2020

# ഊർജ കാര്യക്ഷമത: വെബിനാർ ഇന്നു മുതൽ

തിരുവനന്തപുരം● വിവിധ മേഖലകളിലെ ഊർജകാര്യക്ഷമത വിഷയമാക്കി എനർജി മാനേജ്മെന്റ് സെന്റർ വെബിനാർ പരമ്പര നടത്തുന്നു. ലോക പരിസ്ഥിതി ദിനമായ ഇന്ന് ആരംഭിക്കുന്ന പരമ്പര ലോകജലദിനമായ അടുത്ത മാർച്ച് 22നാണ് അവസാനിക്കുന്നത്.

വ്യവസായികം, കൃഷി, ഭവന നിർമാണം, വാണിജ്യം, വിദ്യാഭ്യാസം, ഗതാഗതം തുടങ്ങി വിവിധ മേഖലകളിലെ ഊർജ കാര്യക്ഷമത സംബന്ധിച്ച വിഷയങ്ങളിലുള്ള സെമിനാർ, പാനൽ ചർച്ചകൾ എന്നിവയ്ക്കു പുറമെ നിർബന്ധിത ബുദ്ധി, ഇന്റർനെറ്റ് ഓഫ് തിങ് തുടങ്ങിയവയും ചർച്ച ചെയ്യും. റജിസ്ട്രേഷനും വിവരങ്ങൾക്കും www.keralaenergy.gov.in.

വെബിനാർ പരിപാടികളുടെ വിവരങ്ങൾ അടങ്ങിയ കലണ്ടർ മന്ത്രി എം.എം.മണി പ്രകാശനം ചെയ്തു. കെഎസ്ഇബി ലിമിറ്റഡ് സിഎംഡി: എൻ.എസ്.പിള്ള, ഇഎംസി ഡയറക്ടർ ഇൻ ചാർജ് ഡോ. ആർ.ഹരികുമാർ എന്നിവർ പങ്കെടുത്തു.